<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4683</u> <u>02-07-2024 - ൽ മറുപടിയ്ക്ക്</u>

<u>ഒറ്റപ്പാലം മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പ്രവൃത്തികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ, മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകൾക്ക് കീഴിലുള്ള, ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ഭരണാനുമതി ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാൽമോ? | (ബി) | 2020-21 വർഷത്തെ സംസ്ഥാനത്തെ ബഡ്ജറ്റിൽ Vol. II ക്രമ നം189 പ്രകാരം പാലക്കാട് ജില്ലയിലെ അമ്പലപ്പാറ പഞ്ചായത്തിലെ കടമ്പൂർ പനയൂർക്കാവ് പരിസരത്ത് ഒരു ചെക്ക് ഡാം നിർമ്മാണം (അടങ്കൽ തുക -5 കോടി രൂപ) പദ്ധതിക്കായി ഒരു കോടി രൂപ (അടങ്കൽ തുകയുടെ 20%) ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.<br><br>പ്രവൃത്തിയുടെ ഭരണാനുമതിക്കുവേണ്ടി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി പര്യവേക്ഷണ പ്രവൃത്തികൾ നടത്തി ഡിസൈൻ ലഭ്യമാക്കുന്നതിനായി IDRBയുടെകാര്യാലയത്തിൽ രേഖകൾ സമർപ്പിച്ചിട്ടുണ്ട്.<br><br>ചെക്ക് ഡാം നിർമ്മാണത്തിനായി സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട പഞ്ചായത്ത് മുഖേന സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഒറ്റപ്പാലം മണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ**

| സാമ്പത്തിക വർഷം | വർക്സ് ബഡ്ജറ്റ് വാല്യം 2 പ്രകാരം ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക (ലക്ഷത്തിൽ) | നിയോജക മണ്ഡലം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 2020-21 | 189 | അമ്പലപ്പാറ കടമ്പൂർ പനയൂർകാവ് പരിസരത്തു ചെക്ക് ഡാം നിർമ്മാണം | 500 | 100 | ഒറ്റപ്പാലം | പദ്ധതി നടപ്പിലാക്കാനുള്ള സ്ഥലം ലഭ്യമായിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2020-21 | 756 | താമരക്കുളം നവീകരണം | 300 | 60 | ഒറ്റപ്പാലം | പ്രവൃത്തി പൂർത്തീകരിച്ചു. |

Sandhya

**സെക്ഷൻ ഓഫീസർ**